(ബി) ജനറൽ ആശുപത്രി ആലുവ, മൂവാറ്റുപുഴ, തൃശ്ശൂർ, ജില്ലാ ആശുപത്രി പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിലാണ് നിലവിൽ ഫോറൻസിക് സർജൻമാർ ഉള്ളത്. മറ്റുള്ള സ്ഥാപനങ്ങളിൽ ഡ്യൂട്ടിയിൽ ഉള്ള ഡോക്ടർ, അസിസ്റ്റന്റ് സർജൻ, സിവിൽ സർജൻ എന്നിവരാണ് പോസ്റ്റ്മോർട്ടം നടത്തുന്നത്.

(സി) ഓരോ സർക്കാർ മെഡിക്കൽ കോളേജിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. ആയതിന് കാലാകാലങ്ങളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ മാറ്റം വരുത്താറുമുണ്ട്.

(ഡി) ഇരുപത്തിനാല് മണിക്കൂറും പോസ്റ്റ്മോർട്ടം നടത്തുവാനുള്ള സൗകര്യങ്ങൾ പൂർത്തിയാകുന്നതോടൊപ്പംതന്നെ ഈ വിഭാഗത്തിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണവും മോർച്ചറികളുടെ ആധുനികവൽക്കരണവും നടപ്പാകുന്നതാണ്.

സർക്കാർ ആശുപത്രികളിൽ സൗജന്യ ലബോറട്ടറി പദ്ധതി-പതാകനൗക (ഫ്ലാഗ്ഷിപ്പ്)

99 (764) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ പതാകനൗക (ഫ്ളാഗ്ഷിപ്പ്) പദ്ധതിയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിരുന്ന സ്കാനിംഗ് ഉൾപ്പെടെയുള്ള സൗജന്യ ലബോറട്ടറി പരിശോധനാസംവിധാനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ ;

(ബി) ഈ പദ്ധതിയുടെ വിശദമായ രൂപരേഖ നൽകുമോ ;

(സി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ ?

ഉത്തരം

(എ-സി) 2007-08-ലാണ് ആരോഗ്യത്തിനുള്ള ഫ്ലാഗ്ഷിപ്പ് പദ്ധതി ആരംഭിച്ചത്. ഈ ആരോഗ്യപദ്ധതിയിലൂടെ ആരോഗ്യസുരക്ഷയുടെ നേട്ടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ജനസംഖ്യയുടെ താഴെത്തട്ടിലുള്ള 30% വരുന്നവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് താങ്ങാവുന്ന തരത്തിലുമാക്കി ചികിത്സാസൗകര്യം നല്കുക എന്നതാണ് ലക്ഷ്യമാക്കിയിട്ടുള്ളത്. ആരോഗ്യകരമായ പരിതസ്ഥിതിയിൽ ആവശ്യാനുസരണം ഡോക്ടർമാരുടെ സേവനം, മരുന്നുകളുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തിക്കൊണ്ട് ആരോഗ്യമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി പ്രസ്തുത പദ്ധതി ഊന്നൽ നൽകുന്നു. ആരോഗ്യവകുപ്പുകളിലേക്ക് മെഷീനറി, ഉപകരണങ്ങൾ, ഫർണിച്ചറുകൾ വാങ്ങുന്നതിനും നിർമ്മാണ പ്രവൃത്തികൾക്കുമാണ് 2007-08 മുതൽ 2011-12 വരെ തുക വകയിരുത്തിയിരുന്നത്. വിശദമായ വിവരങ്ങൾ താഴെകൊടുക്കുന്നു:

ക്രമ നം.	വർഷം	വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ)
1	2007-08	3350
2	2008-09	1000
3	2009-10	1000
4	2010-11	1000
5	2011-12	1000

എന്നാൽ സ്കാനിംഗ് ഉൾപ്പെടെയുള്ള സൗജന്യ ലബോറട്ടറി പരിശോധന സംവിധാനത്തിന് മാത്രമായി ഈ പദ്ധതിയിൽ തുകവകയിരുത്തുകയോ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഡയഗനോസ്റ്റിക് സർവ്വീസുകൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതി 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ 13-ാം ധനകാര്യകമ്മീഷൻ അവാർഡ് വിനിയോഗിച്ച്

നടപ്പിലാക്കാൻ സർക്കാരിൽനിന്ന് ഭരണാനുമതി ലഭിച്ചിരുന്നു. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു :

ക്രമ നം.	വർഷം	തുക (രൂപ ലക്ഷത്തിൽ)	ഭരണാനുമതി
1	2011-12	1173.50	സ.ഉ.(സാധാ) 2541/11/ആകവ/തീയതി 5-1-2012
2	2012-13	1450.00	സ.ഉ.(സാധാ) 2851/12/ആകവ/തീയതി 27-8-2012
3	2013-14	1400.00	സ.ഉ.(സാധാ) 4064/13/ആകവ/തീയതി 6-12-2013
4	2014-15	1250.00	സ.ഉ.(സാധാ) 2191/14/ആകവ/തീയതി 30-6-2014

2015-16 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി 14-ാം ധനകാര്യ കമ്മീഷന്റെ വിഹിതം 1450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ തസ്തികകൾ

100 (765) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കറവിലങ്ങാട് താലൂക്ക് ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ആവശ്യപ്പെട്ട പ്രകാരം 4556/M1/2015/H&FW നമ്പർ ഫയലിൽ രേഖപ്പെടുത്തിയിരുന്ന അത്യാവശ്യതസ്തികകൾക്കുള്ള പ്രൊപ്പോസൽ ഡി.എച്ച്.എസ്.-ൽ നിന്നും നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; ഡി.എച്ച്.എസ്-ൽ നിന്നുള്ള പ്രൊപ്പോസലിന്റെ കോപ്പി ലഭ്യമാക്കാമോ; ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly